കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം കൊടുങ്ങല്ലൂർ നഗരസഭ എൽ.ഡി.ക്ലാർക്ക് ശ്രീമതി പി.കെ ജയറാണിയുടെ സേവനപുസ്തകത്തിൽ ജനന തീയതി തിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1571/2016/തസ്വഭവ. തീയതി,തിരുവനന്തപുരം, 30/04/2016.

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 05/03/2016 തീയതിയിലെ ഇ 7-28311/15 നമ്പർ കത്ത്.

ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊടുങ്ങല്ലൂർ നഗരസഭയിൽ എൽ.ഡി.ക്ലാർക്ക്/ബിസി തസ്തികയിൽ 28/03/2012 മുതൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.പി.കെ ജയറാണിയുടെ സേവനപുസ്തകത്തിൽ 08/05/1978 എന്നാണ് ജനനതീയതി രേഖപ്പെടുത്തിയിരുന്നത്.പരീക്ഷാ ഭവനിലെ ജോയിന്റ് കമ്മീഷണറുടെ 20/07/2015 ലെ K.Dis/Ex.CB5/37287/2015/CGE നമ്പർ ഉത്തരവ് പ്രകാരം ജനനതീയതി 16/01/1979 എന്ന് സ്കൂൾ രേഖകളിലും സർട്ടിഫിക്കറ്റിലും തിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സേവനപുസ്തകത്തിൽ ജനനതീയതി തിരുത്തുന്നതിന് അനുമതിക്ക് നഗരകാര്യ ഡയറക്ടർ പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.പി.കെ ജയറാണി ജോലിയിൽ പ്രവേശിച്ച് 5 വർഷത്തിനുള്ളിൽ തന്നെ ജനനതീയതി തിരുത്തുന്നതിന് അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ ടിയാളുടെ സേവനപുസ്തകത്തിൽ ജനനതീയതി 16/01/1979 എന്ന് തിരുത്തുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

വി.ബിനുകുമാർ.

അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീമതി.പി.കെ.ജയറാണി,എൽ.ഡി.ക്ലാർക്ക്,കൊടുങ്ങല്ലൂർ നഗരസഭ

സെക്രട്ടറി,കൊടുങ്ങല്ലൂർ നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.